# വിശ്വാസി
ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 21 No. 05 & 06 | PUBLISHED FROM DELHI | PRICE Rs. 3/- | MAY - JUNE 2017


## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് പന്ത്രണ്ടാം വർഷത്തിലേക്ക്

**അടൂർ:** ഭാരതീയ സുവിശേഷീകരണത്തിനായി ദൈവീക ദർശനപ്രകാരം കഴിഞ്ഞ 11 വർഷമായി അടൂരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ പന്ത്രണ്ടാമത് അദ്ധ്യയന വർഷത്തിന്റെ ഉദ്ഘാടനം 2017 ജൂൺ നാലാം തീയതി കോളജ് അങ്കണത്തിൽ വച്ച് നടന്നു. കോളജ് രജിസ്ട്രാർ പാസ്റ്റർ സുമേഷ് പി. ലാസർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കോളജ് വൈസ് പ്രിൻസിപ്പൽ പാസ്റ്റർ ഷാജി എസ്. പുതിയ അദ്ധ്യയന വർഷം പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു.



വൈസ് പ്രിൻസിപ്പൽ പാസ്റ്റർ ഷാജി എസ്. അദ്ധ്യയന വർഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

ഈ തലമുറയിൽ ദൈവം യോശുവായെപ്പോലുള്ള യോദ്ധാക്കളെ തിരയുന്നു. തന്റെ മുമ്പിൽ കടന്നുവന്ന ഏത് പ്രതികൂലങ്ങളേയും അതിജീവിക്കുവാനുള്ള കരുത്താർജിച്ച ദൈവഭക്തനായിരുന്നു യോശുവ. അതിന് യോശുവയെ സഹായിച്ചത് ദൈവത്തിന്റെ മുമ്പാകെയുള്ള തന്റെ സമർപ്പണമായിരുന്നു. യോശുവായ്ക്ക് വിജയം നേടാൻ സാധിച്ചത് സമർപ്പണത്തിലൂടെ ദൈവശക്തി പ്രാപിച്ചതിനാലാണ്. അതുകൊണ്ട് ദൈവത്തിന്റെ മുമ്പാകെ സമർപ്പിക്കുവാൻ, വിജയം നേടുവാൻ, ദൈവിക ശക്തി ഏറ്റെടുത്ത് നമ്മുടെ മുമ്പിൽ വരുന്ന യെരിഹോവിന് സമാനമായ ഏത് പ്രതിസന്ധികളെയും അതിജീവിച്ച് മുന്നേറുവാൻ ഏവർക്കും ഇടയാകട്ടെ എന്ന് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം വിദ്യാർത്ഥികളെ ഓർമ്മിപ്പിച്ചു. പാസ്റ്റർ റെജി എൻ.ജെ., ബ്രദർ എ. ബേബി വലിയവിള, ബ്രദർ ബാബു പഴകുളം, റീജൻ സെക്രട്ടറി പാസ്റ്റർ വി. എം. ഏബ്രഹാം തുടങ്ങിയവർ ആശംസകൾ അറിയിച്ചു.

കോളജ് അധ്യാപിക സിസ്റ്റർ അനിത ജി. ബേബി സ്വാഗതവും കോളജ് ചാപ്ലെയിൻ ഇവാ. വില്യം ജോസഫ് നന്ദിയും പ്രകാശിപ്പിച്ചു. വിദ്യാർത്ഥികളെ കൂടാതെ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് കേരളാ റീജൻ പാസ്റ്റേഴ്സ്, സഭാ പ്രതിനിധികൾ പൂർവ്വ വിദ്യാർത്ഥികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## എം. കെ. തോമസ് മെമ്മോറിയൽ വിദ്യാഭ്യാസ സഹായം വിതരണം ചെയ്തു

**അടൂർ:** കഴിഞ്ഞ പതിനെട്ട് വർഷമായി ചെയ്തുവരുന്നതുപോലെ പത്താംക്ലാസ് പാസ്സായവർ മുതൽ പ്രഫഷണൽ കോഴ്സ് വരെ പഠിക്കുന്ന ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് കേരളാ റീജനിലെ വിദ്യാർത്ഥികൾക്ക് എം. കെ. തോമസ് മെമ്മോറിയൽ വിദ്യാഭ്യാസ ധനസഹായ വിതരണം അടൂർ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ വച്ച് ജൂൺ 4ന് നടന്നു. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ ജോയിന്റ് സെക്രട്ടറി സിസ്റ്റർ എലിസബത്ത് സാമുവൽ സഹായ വിതരണം ഉദ്ഘാടനം ചെയ്തു. റീജൻ ട്രഷറാർ പാസ്റ്റർ സുമേഷ് പി. ലാസർ വിദ്യാർത്ഥികളെ സദസ്സിന് പരിചയപ്പെടുത്തി.

ഈ വർഷം ....... തുക വിദ്യാഭ്യാസ സഹായമായി വിതരണം ചെയ്യുവാൻ ദൈവം സഹായിച്ചു. ഈ തുക സ്പോൺസർ ചെയ്ത ബ്രദർ ഷെറിൻ വർഗ്ഗീസിനും കുടുംബത്തിനും (ന്യൂയോർക്ക്) ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രത്യേക നന്ദി. റീജനിലെ ദൈവദാസന്മാരും, വിശ്വാസികളും വിദ്യാർത്ഥികളും രക്ഷകർത്താക്കളും യോഗത്തിൽ പങ്കെടുത്തു.



സഹോദരി എലിസബത്ത് സാമുവൽ സഹായ വിതരണം ഉദ്ഘാടനം ചെയ്യുന്നു

***ഉൾപേജുകളിൽ...***


| | |
|---|---|
| പരീക്ഷകളെ നേരിടുക | : പാസ്റ്റർ എം.സാമുവൽകുട്ടി |
| ക്രിസ്തു സഭയുടെ ശിരസ് | : പാസ്റ്റർ ജോസ് ശാമുവൽ |
| ദൈവവചനം ആഴമായി പഠിപ്പിക്കുക | : പാസ്റ്റർ പ്രിൻസ് |
| ലോത്തിന്റെ അധപതനം | : എം. എസ്. കെ. |


## എഫ്. എഫ്. സി. പത്തനാപുരത്തും

**പത്തനാപുരം:-** ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ പുതിയ പ്രവർത്തനം പത്തനാപുരത്ത് ആരംഭിച്ചു. പത്തനാപുരം വൈ.എം.സി.എ. ആഡിറ്റോറിയത്തിൽ വച്ച് 2017 മെയ് 14ന് രാവിലെ സഭാപ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ച് പ്രവർത്തനം ഉദ്ഘാടനം ചെയ്തു.

റീജൻ കോ-ഓഡിനേറ്റർ പാസ്റ്റർ എബി ജോർജ്, സെക്രട്ടറി വി. എം. ഏബ്രഹാം, ട്രഷറാർ പാസ്റ്റർ സുമേഷ് പി. ലാസർ എന്നിവർ സന്നിഹിതരായിരുന്നു.

വൈ.എം.സി.എ. ആഡിറ്റോറിയത്തിൽ എല്ലാ ഞായറാഴ്ചയും രാവിലെ 8 മണിമുതൽ 10.30 വരെ ആരാധന നടക്കുന്നു. പാസ്റ്റർ സോളമൻ ബേബി കുടുംബമായി ഇവിടെ ശുശ്രൂഷിക്കുന്നു.

## വി.ബി. എസ് വാർത്തകൾ

### അടൂർ എഫ്. എഫ്.സി.

**അടൂർ:-** അടൂർ ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ ആഭിമുഖ്യത്തിൽ മൂന്ന് ദിവസത്തെ വെക്കേഷൻ ബൈബിൾ സ്കൂൾ 2017 ഏപ്രിൽ 26 ബുധൻ മുതൽ 28 വെള്ളി വരെ സഭാഹാളിൽ വച്ച് നടത്തപ്പെട്ടു. സഭാശുശ്രൂഷകൻ പാസ്റ്റർ എബി ജോർജ് പ്രാർത്ഥിച്ചാരംഭിച്ച ഈ വി.ബി.എസ്സിൽ 120 ഓളം കുട്ടികൾ പങ്കെടുത്തു.

28ന് രാവിലെ 9 മണിക്ക് നടത്തപ്പെട്ട വർണ്ണശബളമായ റാലിയിൽ എല്ലാകുട്ടികളും മാതാപിതാക്കളും പങ്കുചേർന്നു.

സമാപന സമ്മേളനത്തിൽ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി മുഖ്യസന്ദേശം നൽകുകയും വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമുള്ള സർട്ടിഫിക്കേറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്യുകയും ചെയ്തു.

വി.ബി.എസിനോടനുബന്ധിച്ച് 29-ാം തീയതി വിദ്യാർത്ഥികൾക്കായി കായംകുളം, കൊല്ലം എന്നീ സ്ഥലങ്ങളിലേക്ക് ടൂർ പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു. വി.ബി.എസ്ന് സഹോദരിമാരായ ഡെയ്സി ഷാജി, ലിൻസി ബിജു, ജെസി എബി എന്നിവർ നേതൃത്വം നൽകി.

### നെല്ലിമുകൾ എഫ്. എഫ്.സി.

**നെല്ലിമുകൾ:-** ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ ആഭിമുഖ്യത്തിൽ 2017 ഏപ്രിൽ 19 ബുധൻ മുതൽ 22 വെള്ളി വരെ വിഷൻ ബെൻഡിംഗ് സ്കൂൾ (വി.ബി.എസ്) സഭാഹാളിൽ വച്ച് നടത്തപ്പെട്ടു. എഫ്.എഫ്. സി. കേരളാ റീജൻ കോഓഡിനേറ്റർ പാസ്റ്റർ എബി ജോർജ് പ്രാർത്ഥിച്ചാരംഭിച്ച ഈ വി.ബി.എസ്സിൽ 78 ഓളം കുട്ടികൾ പങ്കെടുത്തു.

22ന് രാവിലെ 9 മണിക്ക് നടത്തപ്പെട്ട വർണ്ണശബളമായ റാലി എഫ്.എഫ്. സി. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ഫ്ളാഗ്ഓഫ് ചെയ്തു.

സമാപന സമ്മേളനത്തിൽ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി മുഖ്യസന്ദേശം നൽകി. യേശുക്രിസ്തുവിന്റെ ജനനവും ജീവിതവും മരണവും ഉയർപ്പും മടങ്ങിവരവും മഹാത്ഭുതമാണ്. ദൈവം അത്ഭുതങ്ങളുടെ ദൈവമാണ്. അത്ഭുതങ്ങളുടെ ദൈവമായ യഹോവയിൽ തന്നെ ആശ്രയിക്കുവാൻ എല്ലാവർക്കും കഴിയട്ടെ എന്ന് തന്റെ സന്ദേശത്തിൽ കുട്ടികളെ ഓർമ്മിപ്പിച്ചു.

സഭാശുശ്രൂഷകൻ പാസ്റ്റർ സുമേഷ് പി. ലാസർ വിബിഎസ് ഡയറക്ടറായി പ്രവർത്തിച്ചു. പാസ്റ്റർ ഡി. ജോൺ, സുവിശേഷകരായ ജോൺസൻ ഡാനിയേൽ, സന്തോഷ് എൻ.ബി., എഡ്വിൻ തങ്കച്ചൻ, സഹോദരങ്ങളായ ബൈജു, ബാബു, ബിജു ഡി, ബിജു തുടങ്ങിയവർ നേതൃത്വം നൽകി.

പത്രാധിപ ലേഖനം.......

# പരീക്ഷകളെ നേരിടുക



**യാ**ക്കോബിന്റെ ലേഖനത്തിൽ ഒന്നാം അദ്ധ്യായത്തിൽ തന്നെ പരീക്ഷകളെക്കുറിച്ചും ദൈവീക നന്മകളെക്കുറിച്ചുമുള്ള പരാമർശം നമുക്ക് കാണാം. ചില പരീക്ഷകൾ ബാഹ്യവും മറ്റ് ചിലത് ആന്തരികവുമായിരിക്കും. ആന്തരികമായ പരീക്ഷകളെക്കുറിച്ചാണ് യാക്കോബ് ഇവിടെ പ്രധാനമായും പറഞ്ഞിരിക്കുന്നതെങ്കിലും ഈ രണ്ടു തരത്തിലുമുള്ള പരീക്ഷകളെയും ഒരുമിച്ച് ചേർത്ത് അദ്ദേഹം പരാമർശിച്ചിരിക്കുന്നു. നാം കരുതലോടെ ജീവിച്ചില്ലെങ്കിൽ ബാഹ്യപരീക്ഷകൾ ആന്തരിക പരീക്ഷകളായി പരിണമിച്ചേക്കാം. പ്രതികൂലങ്ങളായ സാഹചര്യങ്ങൾ കടന്നുവരുമ്പോൾ ദൈവസ്നേഹത്തെ സംശയിക്കുകയും ദൈവഹിതത്തോട് മറുതലിച്ച്കൊണ്ട് പിറുപിറുക്കുന്നവരായും നാം തീർന്നേക്കാം. ഈ ഘട്ടത്തിൽ പിശാച് അടുത്തുവരികയും ആ പ്രയാസങ്ങളെ മറികടക്കുവാനുള്ള കുബുദ്ധി ഉപദേശിക്കുകയും ചെയ്യുന്നു. അതും മറ്റൊരു പരീക്ഷയാണ്.

മരുഭൂമിയിൽക്കൂടി യാത്ര ചെയ്ത യിസ്രയേൽ ജനം പ്രതികൂലങ്ങളുടെ മുന്നിൽ ദൈവത്തെ പരീക്കുവാൻ തുടങ്ങി. പല വിഷയങ്ങളുടെ മുന്നിൽ അവർ ദൈവത്തോട് പിറുപിറുക്കുവാൻ തുടങ്ങി. ആ പരീക്ഷകളിൽ അവർ പരാജയപ്പെടുകയായിരുന്നു. നാം പരീക്ഷകളിൽ പരാജയപ്പെടാൻ ദൈവം ആഗ്രഹിക്കുന്നില്ല. നാം പക്വത പ്രാപിക്കണമെങ്കിൽ ശോധനകളെയും പരീക്ഷകളെയും അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു.

പരീക്ഷകൾ വരുമ്പോൾ ദൈവത്തെ നാം കുറ്റപ്പെടുത്തരുത്. ദൈവം ആരെയും പരീക്ഷിക്കുന്നില്ല. പരീക്ഷയെന്നത് ദൈവഹിതത്തിൽ നിന്നും വ്യതിചലിച്ച് ഒരു നല്ലകാര്യം തെറ്റായി ചെയ്യുന്നതാണ്. ഭക്ഷണം കഴിക്കുന്നത് തെറ്റല്ല. എന്നാൽ ഭക്ഷണം മോഷ്ടിച്ച് കഴിക്കുമ്പോൾ സ്വയം പരീക്ഷിക്കപ്പെടുകയാണ്. നമ്മുടെ സ്വർഗ്ഗീയ പിതാവ് നമ്മെക്കുറിച്ച് കരുതലില്ലാത്തവനും സ്നേഹമില്ലാത്തവനും ആണെന്നും അവൻ നമ്മേട് പ്രതികാര മനോഭാവത്തിലാണെന്നും നമ്മെ തെറ്റിധരിപ്പിക്കുകയാണ് പിശാചിന്റെ ഒരു തന്ത്രം. സാത്താൻ ഹവ്വയെ സമീപിച്ചപ്പോൾ, ദൈവം വാസ്തവമായി അവരെ സ്നേഹിച്ചിരുന്നുവെങ്കിൽ ആ വൃക്ഷഫലം തിന്നുവാൻ സമ്മതിക്കുമായിരുന്നുവെന്ന് തെറ്റിദ്ധരിപ്പിച്ചു.

നാം ദൈവത്തിന്റെ നന്മയെ സംശയിക്കുവാൻ തുടങ്ങുമ്പോൾ സാത്താന്റെ വാഗ്ദാനങ്ങളിൽ ആകർഷിക്കപ്പെടുവാൻ തുടങ്ങും. യിസ്രയേൽ ജനം വാഗ്ദത്ത ദേശത്തെ അനുഗ്രഹങ്ങൾ അനുഭവിക്കുമ്പോൾ, ദൈവം ചെയ്ത നന്മകൾ മറക്കാതിരിക്കാൻ സൂക്ഷിക്കണമെന്ന് മോശെ ജനത്തിന് മുന്നറിയിപ്പ് നൽകിയിരുന്നു. ഈ മുന്നറിയിപ്പ് നാമും അവഗണിച്ചുകൂടാ.

ദൈവത്തിന്റെ നന്മകളെക്കുറിച്ച് യാക്കോബ് നാല് വസ്തുതകൾ വെളിപ്പെടുത്തുന്നു. ഒന്ന് ദൈവം നന്മകൾ മാത്രം നൽകുന്നു. ഈ ലോകത്തിൽ നന്മയായിട്ടുള്ളതെല്ലാം ദൈവത്തിൽ നിന്നും വരുന്നതാണ്. ദൈവത്തിൽ നിന്നല്ലെങ്കിൽ അത് നന്മയായിരിക്കുകയില്ല. ദൈവത്തിൽ നിന്നാണെങ്കിൽ തീർച്ചയായും നന്മയായിട്ടുള്ളത് മാത്രമായിരിക്കും. ആ നന്മ ഉടനടി നാം കണ്ടില്ലെന്നു വരാം. പൗലൊസിന്റെ ശരീരത്തിൽ ഉണ്ടായിരുന്ന മുള്ള് ദൈവം നൽകിയ അപരിചിതമായ ഒരു ദാനമായിരുന്നു. എന്നാൽ അത് വളരെ അനുഗ്രഹത്തിന് കാരണമായി.

രണ്ട്, ദൈവം നൽകുന്നതെല്ലാം നന്മയ്ക്കു വേണ്ടിയാണ്. മറ്റാരെങ്കിലും ഒരു ദാനം നൽകുമ്പോൾ സ്നേഹമില്ലാത്ത തരത്തിൽ നൽകുവാൻ കഴിയും. നമുക്ക് നൽകുന്ന രീതി അനുസരിച്ചാണ് ഒരു ദാനത്തിന്റെ മൂല്യം വർദ്ധിക്കുന്നത്. ദൈവം നമുക്ക് ഒരു അനുഗ്രഹദാനം നൽകുമ്പോൾ സ്നേഹത്തോടും കരുണയോടും കൂടെയാണ് നൽകുന്നത്. ദൈവം നൽകുന്നതെന്തും നൽകുന്ന രീതി പോലെ തന്നെ എപ്പോഴും നന്മയ്ക്കാണ്.

മൂന്ന്, ദൈവം നിരന്തരമായി കൃപകൾ നൽകിക്കൊണ്ടിരിക്കുന്നു. വല്ലപ്പോഴും മാത്രമല്ല, സ്ഥിരമായി ദൈവദാനങ്ങൾ നമുക്ക് ലഭിക്കുന്നു. നാം കാണാതിരിക്കുമ്പോൾ പോലും ദിവ്യദാനങ്ങൾ നമുക്ക് ദൈവം അയച്ചുകൊണ്ടിരിക്കുന്നു. ദൈവവചനം അത് വ്യക്തമായി പ്രസ്താവിക്കുന്നു. നാം അത് വിശ്വസിക്കുകയും ചെയ്യുന്നു.

നാല്, ദൈവം മാറാത്തവനാണ്. വെളിച്ചങ്ങളുടെ പിതാവിന് ഗതിഭേദത്താലുള്ള ആച്ഛാദനം ഇല്ല. മാറ്റം വരുത്താൻ ദൈവത്തിന് കഴിയുന്നതല്ല. ദൈവം പൂർണ്ണനാണ്. ഭൂമിയുടെ ചലനത്തിനനുസരിച്ച് സൂര്യപ്രകാശത്തിന് മാറ്റം വരുന്നതായി തോന്നാം. എന്നാൽ, സൂര്യൻ അപ്പോഴും പ്രകാശിച്ചുകൊണ്ടേയിരിക്കുന്നു. നമുക്കും പിതാവിനും മദ്ധ്യേ നിഴലുകൾ വീഴുന്നുവെങ്കിൽ അതിന്റെ കാരണം പിതാവല്ല. അവൻ അനന്യനാണ്. അതിന്റെ അർത്ഥം, പ്രതികൂലങ്ങളോ പരീക്ഷകളോ വരുമ്പോൾ ദൈവസ്നേഹത്തേയും തന്റെ നന്മകളേയും നാം ചോദ്യം ചെയ്തുകൂടാ.

പരീക്ഷകളെ തരണം ചെയ്യുവാൻ നന്മയും കൃപയും മാത്രം ചൊരിയുന്ന മാറാത്ത ദൈവത്തെ മുറുകെ പിടിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

പാസ്റ്റർ എം. സാമുവൽകുട്ടി

# ക്രിസ്തു സഭയുടെ ശിരസ്

മൂന്നാം പേജിൽ നിന്ന് തുടർച്ച

ന്ന പ്രവർത്തന പ്രസ്ഥാനങ്ങൾ ഹാ! നിങ്ങൾക്കയ്യോ കഷ്ടം! ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായി. തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നത് ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. നാം ഉൾപ്പെട്ടു നിൽക്കുന്ന സഭയിൽ വിവാഹപ്രായമായി നിൽക്കുന്ന ഒരു പെൺകുട്ടിയുണ്ടെങ്കിൽ അതിന്റെ മാതാപിതാക്കൾക്ക് അതിന്റെ ചിലവ് വഹിക്കുവാനുള്ള നിവൃത്തിയില്ലെങ്കിൽ, നിന്നൊടൊപ്പം ആരാധിക്കുന്ന സഹോദരന്റെ പുരകെട്ടി മേയുവാൻ നിവൃത്തിയില്ലാതെ, കുഞ്ഞുങ്ങൾക്ക് ശരിയായ രീതിയിൽ ആഹാരം കൊടുക്കുവാൻ കഴിയാതെ ഭാരപ്പെടുമ്പോൾ, നീ ടെറസിട്ട വീട്ടിൽ താമസിച്ചു കൊണ്ട് രാജകീയ ഭോജനവും കഴിച്ച് ശീതീകരിച്ച വാഹനത്തിൽ യാത്രയും ചെയ്ത്, മക്കൾ നഗരത്തിലെ മുന്തിയ വിദ്യാലയങ്ങളിൽ പഠിക്കുകയും നിന്റെ കയ്യിൽ ബാങ്ക് ബാലൻസും സഹായിക്കാനുള്ള അവസരവും ഒക്കെ ഉള്ളപ്പോൾ പ്രാർത്ഥിക്കാം സഹോദരാ... യഹോവയിരേ എന്നു പറയുന്നതല്ല ക്രിസ്തുവിന്റെ ഭാവം.

പ്രസ്ഥാനങ്ങളുടെ നേതാക്കന്മാരിൽ അധികപങ്കും തന്നൊടൊപ്പം ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുകയും ദുഃഖങ്ങളിൽ ആശ്വാസം പകരുകയും ചെയ്യുന്ന പ്രാദേശിക സഭാ ശുശ്രൂഷകന് ഒരു ബുദ്ധിമുട്ട് വരുമ്പോൾ അദ്ദേഹത്തെ മറന്നു കളവാൻ ശ്രമിക്കരുത്. സഹശുശ്രൂഷകരുടെ ആവശ്യം നേതൃത്വം അറിയേണ്ടത് വളരെ ആവശ്യം തന്നെയാണ്. ഡോളറും, ദിനാറും പോക്കറ്റിൽ വച്ചുകൊണ്ട് നാം വിശ്വാസത്തിന്റെ വേലയാണ് എന്ന് പറഞ്ഞ് സോപ്പിടുന്ന നേതാക്കന്മാരേ, നിർത്തൂ നിങ്ങളുടെ കപട ഭക്തി. യേശുവിന്റെ മനസലിവ് നിങ്ങളിലും ഉണ്ടാകുവാൻ വേണ്ടി പ്രാർത്ഥിക്കുക.

(ലേഖകന്റെ ***മർമ്മങ്ങളുടെ കലവറ*** എന്ന പുസ്തകത്തിലെ പ്രസക്തമായ ഒരു ലേഖനം)

# എഫ്.എഫ്.സി. ഡൽഹി റീജൻ സംയുക്താരാധന

**ന്യൂഡൽഹി:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ഡൽഹി റീജൻ സഭകളുടെ സംയുക്താരാധന 2017 മെയ് 21ന് കൽക്കാജി സഭാഹാളിൽ വച്ച് നടന്നു. റീജൻ കോഡിനേറ്റർ പാസ്റ്റർ ബിനോയി പി. ജോൺ നേതൃത്വം നൽകിയ യോഗത്തിൽ പാസ്റ്റർ ടി.ഡി. സുധാകരൻ സങ്കീർത്തന പ്രബോധനം നടത്തി. പൂങ്കാവ് എഫ്.സി.ബി.സി. വിദ്യാർത്ഥിനിയായ സിസ്റ്റർ ബീന തന്റെ അനുഭവസാക്ഷ്യം പ്രസ്താവിച്ചു. സഭാ പ്രസിഡന്റ് പാസ്റ്റർ എം, സാമുവൽകുട്ടി മുഖ്യസന്ദേശം നൽകി.

സംയുക്താരാധനയോടനുബന്ധിച്ച് ഷൈജു -സോണിയ ദമ്പതികളുടെ മകൻ ഷാലോം ഷൈജുവിനെയും, സുമേഷ്-സുജ ദമ്പതികളുടെ മകൻ ശ്രേയസ് സുമേഷിനെയും പാസ്റ്റർ എം. സാമുവൽകുട്ടി ദൈവസന്നിധിയിൽ പ്രതിഷ്ഠിച്ച് പ്രാർത്ഥിച്ചു. കിംഗ്സ് വേക്യാമ്പ് (സന്ത്നഗർ), ലാഡോസരായി, കൽക്കാജി സഭകളിലെ വിശ്വാസികൾ ആരാധനയിൽ പങ്കെടുത്തു.

# വിദ്യാഭ്യാസ സഹായവിതരണം ഡൽഹിയിലും

**മെഹ്റോളി:** പത്താംക്ലാസ് പാസ്സായവർ മുതൽ ഡിഗ്രി കോഴ്സ് വരെ പഠിക്കുന്ന ഫെയ്ത്ത് ഫെല്ലോഷിപ്പ് ഡൽഹി റീജൻ ചർച്ചുകളിലെ 5 വിദ്യാർത്ഥികൾക്കുള്ള എം. കെ. തോമസ് മെമ്മോറിയൽ വിദ്യാഭ്യാസ ധനസഹായ വിതരണം 2017 ജൂൺ 4ന് വൈകിട്ട് 3.30ന് ഐ.സി. എം. ഓഫീസിൽ വച്ച് നടന്നു. ജനറൽ സെക്രട്ടറി പാസ്റ്റർ ബിനോയി പി. ജോൺ ആ ലഘുചടങ്ങിന് അദ്ധ്യക്ഷത വഹിച്ചു. ഐ.സി.എം. ട്രഷറാർ വിദ്യാർത്ഥികളെയും സ്പോൺസറായ ബ്രദർ ഷെറിൻ വർഗ്ഗീസിനെയും കുടുംബത്തെയും അനുഗ്രഹിച്ചു പ്രാർത്ഥിച്ചു. പാസ്റ്റർമാരായ ബിനു ജോൺ, ടി.ഡി. സുധാകരൻ എന്നിവർ ആശംസകൾ അറിയിച്ചു.

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ്: *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

# ക്രിസ്തു സഭയുടെ ശിരസ്



പാസ്റ്റർ ജോസ് ശാമുവൽ
ന്യൂഡൽഹി

ഗ്രീക്ക് ഭാഷയിലെ *‘എക്ലീസിയാ’* എന്ന പദം 115 പ്രാവശ്യം ബൈബിളിൽ ഉദ്ധരിച്ചിട്ടുണ്ട്. വിളിക്കപ്പെട്ടവർ അഥവാ ‘വേർതിരിക്കപ്പെട്ടവർ’ എന്നാണ് ഇതിന്റെ അർത്ഥം. വിളിച്ച് വേർതിരിക്കപ്പെട്ടവർ എന്ന മേൽപ്പറഞ്ഞ വാക്കിന് (പുതിയനിയമ സഭയ്ക്ക്) അർത്ഥം നൽകാവുന്നതാണ്. (കൊരി.11:18, 14:4, 5:12, 1:9, 23, 28, 35, എബ്രാ.3:12).

മാർപ്പാപ്പയോ, കർദിനാളന്മാരോ, മെത്രാന്മാരോ, പുരോഹിതന്മാരോ പാസ്റ്റർമാരോ സഭയുടെ നേതാക്കന്മാരല്ല. യേശുക്രിസ്തു മാത്രമാണ് ഈ സഭയുടെ ശിരസ് എന്ന് വിശുദ്ധ വേദപുസ്തകം പഠിപ്പിക്കുന്നു.

യേശുക്രിസ്തുവിന്റെ ശരീരത്തിലെ മർമ്മങ്ങളിൽ അതിപ്രധാനമായ മർമ്മമാണ് സഭ. ആയതുകൊണ്ട് ഇതിന്റെ അവകാശം വേരൊരാൾക്ക് എടുക്കുക സാധ്യമല്ല. ഈ ലോകത്തിലെ ദൈവസഭയുടെ സ്ഥാപകൻ കർത്താവായ യേശുക്രിസ്തു മാത്രമാണ്. “ഞാൻ എന്റെ സഭയെ പണിയും” എന്ന പദം വളരെ ഗൗരവമേറിയതാണ്. (ആധുനികലോകത്തിലെ ആത്മീയ പ്രസ്ഥാനങ്ങളെല്ലാം സ്ഥാപക നേതാക്കാന്മാരുടെ പേരിലാണ് അറിയപ്പെടുന്നത്.)

നാമധേയ സഭകൾ പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്ന ഒരു വിഷയം എന്തെന്നാൽ *“പത്രൊസേ നീ പാറയാകുന്നു നിന്റെ മേൽ ഞാൻ എന്റെ സഭയെ പണിയും”* എന്നാണ്. എന്നാൽ അറിവില്ലാത്തവർ ഈ വാക്യത്തെ ആ നിലയിൽ ദുർവ്യാഖ്യാനം ചെയ്യുന്നത്കൊണ്ടാണ് അങ്ങനെ തോന്നുന്നത്. പത്രൊസ് എന്നതിന്റെ മൂലപദം ‘പെട്രാ’ (Petra) അർത്ഥം പാറകഷണങ്ങൾ എന്നാണ്. എന്നാൽ ക്രിസ്തുവിനെ മാത്രമേ ദൈവം വേദപുസ്തകത്തിൽ പാറയായി ചിത്രീകരിച്ചിട്ടുള്ളു. ആകയാൽ ക്രിസ്തു എന്ന പാറമേൽ ആണ് ദൈവം തന്റെ സഭ സ്ഥാപിച്ചിരിക്കുന്നത്. അല്ലാതെ പത്രൊസിന്റെ മേൽ അല്ല ദൈവസഭ പണിതത്. പത്രൊസ് തന്നെ അത് എടുത്ത് പറഞ്ഞിട്ടുണ്ട്. *മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ (യേശുക്രിസ്തു) അടുക്കൽ വന്നിട്ടു നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശുക്രിസ്തു മുഖാന്തിരം ദൈവത്തിന് പ്രസാദമുള്ള ആത്മീക യാഗം കഴിപ്പാൻ തക്ക വിശുദ്ധപുരോഹിത വർഗ്ഗമാക്കേണ്ടതിന് പണിയപ്പെടുന്നു*(1 പത്രൊസ് 2:4,5). ആകയാൽ യേശുക്രിസ്തുവിനാൽ തിരഞ്ഞെടുക്കപ്പെട്ട ശ്ലീഹാമാരാൽ സ്ഥാപിതമായ ഒന്നല്ല ദൈവസഭ. ദൈവസഭയുടെ ഉടമസ്ഥവകാശം ചുടുനിണം ചീന്തി സമ്പാദിച്ച യേശുക്രിസ്തുവിന് മാത്രം അവകാശപ്പെട്ടതാണ്.

> യേശുക്രിസ്തുവിന്റെ ശരീരത്തിലെ മർമ്മങ്ങളിൽ അതിപ്രധാനമായ മർമ്മമാണ് സഭ. ആയതുകൊണ്ട് ഇതിന്റെ അവകാശം വേരൊരാൾക്ക് എടുക്കുക സാധ്യമല്ല. ഈ ലോകത്തിലെ ദൈവസഭയുടെ സ്ഥാപകൻ കർത്താവായ യേശുക്രിസ്തു മാത്രമാണ്. “ഞാൻ എന്റെ സഭയെ പണിയും” എന്ന പദം വളരെ ഗൗരവമേറിയതാണ്.

**സ്ഥാപകന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ**

**1) സ്വന്തമായി അദ്ധ്വാനിച്ച് നേടിയതായിരിക്കണം**

ഇന്നത്തെ അധികം ആത്മീക നേതാക്കന്മാരും സ്വന്തമായി അദ്ധ്വാനിക്കുവാൻ മടികാണിക്കുന്നവരാണ്. കാരണം, പണത്തിന്റെ കൊഴുപ്പ് പലരേയും വിഴുങ്ങിക്കളഞ്ഞു. ആകയാൽ ചിലർക്ക് സപ്പോർട്ട് കൊടുത്ത് പ്രസ്ഥാനം നേടിയെടുക്കുകയാണ്. എന്നാൽ നമ്മുടെ അരുമനാഥനായ യേശുക്രിസ്തു അങ്ങനെയല്ല ചെയ്തത്. ഊരുകൾ തോറും കയറി ഇറങ്ങി ശിഷ്യഗണങ്ങളെ നേടി അവരെ സഭയുടെ ആത്മീക വശങ്ങളെ കുറിച്ച് പഠിപ്പിച്ചും, അത് പ്രായോഗിക വശത്ത് കൊണ്ടുവരികയും ചെയ്തു. യേശുക്രിസ്തു കാലങ്ങളുടെ സമ്മർദ്ദത്തിൽ ഒരിക്കലും തന്റെ ഉപദേശത്തിൽ നിന്നും വ്യതിചലിച്ചതായി കാണുന്നില്ല. ഗത്ശമനയിൽ താൻ പടയാളികളാൽ പിടിക്കപ്പെട്ടപ്പോഴും, തന്റെ ശരീരത്തിൽ ക്രൂരമായ മർദ്ദനം ഏറ്റുവാങ്ങുമ്പോഴും താൻ ഒരിക്കലും ഉപദേശത്തിൽ അയവ് വരുത്തിയിരുന്നില്ല. എന്നാൽ ഇന്നത്തെ നേതാക്കന്മാർ സമ്മർദ്ദം ഉണ്ടാകുന്നതിനു മുമ്പേ ഉപദേശങ്ങളിൽ അയവു വരുത്തുകയും മറ്റൊരു ഉപദേശം സ്വീകരിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഒരാൾക്ക് സഭയുടെ സ്ഥാപകൻ ആയിരിപ്പാൻ യോഗ്യതയില്ല.

**2) മറ്റുള്ളവരോട് ആർദ്രത ഉള്ളവൻ ആയിരിക്കണം**

യേശുക്രിസ്തുവിന്റെ സ്വഭാവങ്ങളിൽ അതിവിശിഷ്ടമായ ഒന്നായിരുന്നു മറ്റുള്ളവനോട് കരുണ കാണിക്കുക എന്നത്. പ്രത്യേകിച്ച് ദരിദ്രരോട്. പുരുഷാരത്തെക്കണ്ട് മനസലിഞ്ഞവനും അവരുടെ വിശപ്പ് അറിഞ്ഞ് അവർക്ക് വേണ്ടി പ്രവർത്തിക്കുകയും ചെയ്തവനുമായിരുന്നു നമ്മുടെ വാഴ്ത്തപ്പെട്ട ക്രിസ്തു. ഇന്നത്തെ ആത്മീക നേതാക്കന്മാരിൽ അധികപങ്കും കൂട്ടുപ്രവർത്തകരുടെ പേരിൽ വരുമാനം വരുത്തി സ്വന്തം വിശപ്പടക്കു

(ശേഷം മൂന്നാം പേജിൽ)

## ദൈവവചനം പഠിപ്പിക്കുക

**മൂന്നാം പേജിൽ നിന്ന് തുടർച്ച**

വാം എന്നും പറഞ്ഞു. അന്നത്തെ യാത്ര അരമണിക്കൂർ ലേറ്റ്... മൂഡ് ധിം തരികിട ധോം... വികാരങ്ങളോ സമ്മിശ്രം!!! ഇത് കേട്ടു കഴിഞ്ഞതിൽ പിന്നെ സകല നാഡീഞരമ്പുകളിലൂടെയും വല്ലാത്തൊരു അസ്വ സ്ഥത ഇപ്പോഴും പായുന്നത് പോലെ.... ദൈവസഭയുടെ ഒരു പോക്കേ.....!!!

പ്രിയ സുഹൃത്തുക്കളെ... ശുശ്രൂഷകന്മാരെ... നിങ്ങളോട് എന്റെ ഒരു ചെറിയ അഭ്യർത്ഥന. പ്രയ്സ് ആന്റ് വർഷിപ്പും വിടുതലും രോഗശാന്തിയും ഉയർച്ചയും മാത്രം പറഞ്ഞ് സമയം കളയാതെ ആരാധനകളിൽ വചന പഠനത്തിനും, ഉപദേശത്തിനും കൂടുതൽ സമയം നൽകേണ്ടതാണ്. അങ്ങനെ ചെയ്താൽ ഇതുപോലെ ശുശ്രൂഷകന്മാരോട് പോലും ദുരൂപദേശവും, വെളിപ്പാടും, വിവരക്കേടും പറയുന്ന ഒരു വിശ്വാസ സമൂഹത്തെ നമുക്ക് നിയന്ത്രിക്കാൻ സാധിക്കും, സാധിക്കണം!!!

### രചനകൾ ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ, ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊളളുന്നു. ദയവായി എല്ലാമാസവും 25-ാം തീയതിക്ക് മുമ്പായി ഡൽഹി ഓഫീസിൽ ലഭിക്കതക്കവിധം അയക്കുക.

ഇ-മെയിൽ അയക്കുവാൻ ആഗ്രഹിക്കുന്നവർ msamuelkutty@gmail.com എന്ന വിലാസത്തിൽ അയക്കുക

*-പത്രാധിപർ*

## വിശ്വാസ ഗീതങ്ങൾ

*ഒരു ഉത്തമ ഗാനോപഹാരം*

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി
1000ൽപരം ഗാനങ്ങൾ
കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ,
പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ,
സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്),
സ്നേഹ നിധി (എം. പി. ത്രി)
എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

കോപ്പികൾക്ക്:-
**Pastor M. Samuelkutty**
Yash Apartments, Flat No 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030




## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

### ക്രിസ്തീയ സേവനത്തിന്റെ 27-ാം വർഷത്തിൽ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.

**INDIAN CHRISTIAN MISSION**
Yash Apartments, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030
E-mail: icm4india@yahoo.com, Website: www.indianchristianmission.com

Flat No 101, First Floor, 96/E,
Ward No: 2, Mehrauli,
New Delhi-110030

# VISWASI

NEWSPAPER REGN. No. 65362/97
POSTAL REGN.NO. DL 07/0138/15 - 17

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

## ദൈവവചനം ആഴമായി പഠിപ്പിക്കുക

പാസ്റ്റർ പ്രിൻസ് ന്യൂഡൽഹി

**ചില** ദിവസങ്ങൾക്ക് മുമ്പ് അതിരാവിലെ ഒരു നോർത്ത് ഇന്ത്യൻ വിശ്വാസി സഹോദരിയുടെ ഫോൺ വന്നു. എന്നാൽ മൊബൈൽ സൈലന്റായിരുന്നതിനാൽ ഞാനതു കണ്ടില്ല. അല്പസമയം കഴിഞ്ഞപ്പോൾ വാട്സ്ആപ്പിൽ അവരുടെ തന്നെ മെസേജും കണ്ടു; എന്തോ വലിയ ഒരു കാര്യം പറയാനുണ്ട് എന്ന്. ഞാൻ തിരികെ മെസേജ് ചെയ്തു, ഞാൻ അല്പം തിരക്കിലാണ്, ഒരു പ്രാർത്ഥനയ്ക്ക് പോകണം, 8 മണിക്ക് ഞാൻ മെട്രോയിൽ കയറിയിട്ട് തിരികെ വിളിക്കാം എന്ന്. എന്നാൽ ഉടൻ തന്നെ അവർ എന്നെ തിരികെ വിളിക്കുകയാണ് ഉണ്ടായത്. അതിലെന്തോ അത്യാവശ്യമുണ്ടെന്ന് എനിക്കു തോന്നി.

അവർ സംസാരിച്ചു തുടങ്ങി... “പാസ്റ്റർജി, ജയ് മസീ ഹ് കി.” ഞാനും തിരികെ അഭിവന്ദനം ചെയ്തു. അവർ തുടരുകയാണ്, “ഞാൻ ഇന്നലെ താങ്കൾക്കു വേണ്ടി പ്രാർത്ഥിക്കുകയായിരുന്നു, അപ്പോൾ ദൈവം എന്നോട് സംസാരിച്ചു താങ്കൾക്ക് ഒരു വലിയ കുറവുണ്ട്; അത് ക്രമീകരിച്ചാൽ താങ്കളുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാകും.” ഞാൻ ശ്രദ്ധിച്ചു, ശരിയാണ് എന്റെ പ്രശ്നങ്ങളെപ്പറ്റി അവർക്ക് അറിയാവുന്നതാണ്; രണ്ടു പ്രാവശ്യം കാൽ തളർന്ന് പോയിട്ട് ദൈവം എന്നെ കരം പിടിച്ച് കിടക്കയിൽ നിന്ന് എഴുന്നേൽപ്പിച്ചതാണ്... ദീർഘമാസങ്ങളുടെ ചികിത്സ ചിലവുകൾ എനിക്ക് ഇന്ന് ഒരു വലിയ സാമ്പത്തിക ബാദ്ധ്യത ആയിരിക്കുന്നു. മാത്രമല്ല അല്പമല്ലാത്ത ശാരീരിക ബുദ്ധിമുട്ടുകളും ബലഹീനതയും ഇന്നും വിട്ടുമാറാതെയുണ്ട്. ആ സാഹചര്യത്തെ മാറ്റാൻ ദൈവത്തെക്കൊണ്ടു മാത്രമേ സാധിക്കൂ എന്ന് എനിക്ക് നന്നായി അറിയാം. അപ്പോൾ ഇന്നും അവയ്ക്കൊന്നും വ്യത്യാസം ഇല്ലെങ്കിൽ അതെന്റെ കുറവ് തന്നെയാണ്; ഞാൻ ആ കുറവ് കേൾക്കുവാൻ തയ്യാറായി എന്റെ കാത് കൂർപ്പിച്ചു....

അവരെന്നോട് ചോദിച്ചു, “പാസ്റ്റർജി എന്നും തിരുമേശ (Holy Communion) എടുക്കാറുണ്ടോ?” ഞാൻ പറഞ്ഞു: “ഇല്ല. അവസരം കിട്ടുമ്പോഴെല്ലാം ഞാൻ തിരുമേശയിൽ പങ്കാളിയാകാറുണ്ട്.” അവർ പറഞ്ഞു, “അത് പറ്റില്ല, ദിവസേന ഈ ശുശ്രൂഷയിൽ ഭാഗഭാക്കാകണം.

> **പ്രയ്സ് ആന്റ് വർഷിപ്പും വിടുതലും രോഗ ശാന്തിയും ഉയർച്ചയും മാത്രം പറഞ്ഞ് സമയം കളയാതെ ആരാധനകളിൽ വചന പഠനത്തിനും, ഉപദേശത്തിനും കൂടുതൽ സമയം നൽകേണ്ടതാണ്. അങ്ങനെ ചെയ്താൽ ഇതുപോലെ ശുശ്രൂഷകന്മാരോട് പോലും ദുരൂപദേശവും, വെളിപ്പാടും, വിവരക്കേടും പറയുന്ന ഒരു വിശ്വാസ സമൂഹത്തെ നമുക്ക് നിയന്ത്രിക്കാൻ സാധിക്കും, സാധിക്കണം!!!**

എങ്കിലേ എല്ലാ പ്രശ്നങ്ങളും താങ്കളുടെ ജീവിതത്തിൽ നിന്നും മാറൂ.” അവർ കട്ടായം പറഞ്ഞു... കേട്ടു കഴിഞ്ഞപ്പോൾ എവിടെയോ പിശകുണ്ടല്ലോ എന്ന് എനിക്ക് തോന്നി...!!! എനിക്കോ അതോ അവർക്കോ? എല്ലാ കൂട്ടായ്മകളിലും പ്രസ്തുത വ്യക്തി പങ്കെടുക്കാറില്ല എന്ന് എനിക്ക് അറിയാം; മാത്രമല്ല, ഡൽഹി പട്ടണത്തിലെ തിരക്കേറിയ ജീവിതത്തിൽ എന്നും അപ്പം നുറുക്കുന്ന ഏതെങ്കിലും കൂട്ടായ്മകളുണ്ടോ? എന്നതിനെപറ്റിയും ഞാൻ ചിന്തിച്ചു. ജിജ്ഞാസ ഉള്ളിൽ വർദ്ധിച്ചുവന്നപ്പോൾ മന്ദമായ സ്വരത്തിൽ ഞാൻ ചോദിച്ചു; “സിസ്റ്റർജി, താങ്കൾ എന്നും ഈ ശുശ്രൂഷയിൽ പങ്കെടു ക്കാറുണ്ടോ?” “ഉണ്ട്” എന്ന വേഗത്തിൽ വന്ന ആ മറുപടി എന്നെ വളരെ അത്ഭുതപ്പെടുത്തി. ഞാൻ ചോദിച്ചു, “എങ്ങനെ?” മറുപടി: “ഞാൻ തന്നെത്താൻ രാവിലെ അപ്പവും വീഞ്ഞും എടുത്ത് വാഴ്ത്തി നുറുക്കി ഈ ശുശ്രൂഷ ചെയ്യുന്നു.” ഞാൻ ചോദിച്ചു, “ആരു പറഞ്ഞു ഇങ്ങനെ ചെയ്യാൻ? ഈ ശുശ്രൂഷയുടെ മഹത്വം നിങ്ങൾക്ക് അറിയാമോ?” എങ്ങനെയെന്ന് ഞാൻ വചനത്തിലൂടെ മനസ്സിലാക്കിക്കൊടുക്കുവാൻ ശ്രമിച്ചപ്പോൾ അവർ പറഞ്ഞു, “പാസ്റ്റർജി, ഇത് തന്നെത്താൻ ചെയ്യുവാൻ എനിക്ക് പ്രാഗത്ഭ്യം ഉണ്ട്. ഞാൻ ശരീരത്തെ വിവേചിക്കുന്നുണ്ട്, എനിക്ക് മാത്രമല്ല ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും അതിന് അധികാരം ഉണ്ട്!” അവർ മറുവാദങ്ങളുമായി തർക്കിച്ചുതുടങ്ങി. “നിങ്ങളുടെ പാസ്റ്റർ ആണോ ഇത് പറഞ്ഞുതന്നത്” എന്ന എന്റെ ചോദ്യത്തിന് അല്ല എന്ന് അവർ മറുപടി പറഞ്ഞു. എനിക്കറിയാം അദ്ദേഹം ഒരിക്കലും ദുരൂപദേശം പഠിപ്പിക്കില്ലയെന്ന്.

പിന്നെ ഈ പഠിപ്പിക്കൽ എവിടെനിന്നു കിട്ടി എന്ന് ചോദിച്ചതിന് സിംഗപ്പൂരിൽ ആയിരക്കണക്കിന് ആളുകൾ കൂടുന്ന ഒരു സഭയിലെ പാസ്റ്റർ പഠിപ്പിക്കുന്ന കാര്യമാണിതെന്ന് അവർ പറഞ്ഞു. അദ്ദേഹം ഇത് അനുവർത്തിക്കുന്നു. ഇക്കാര്യം പ്രാക്ടീസ് ചെയ്തു തുടങ്ങിയപ്പോൾ അവരുടെ ജീവിതവും മാറി. അവർ മാത്രമല്ല അവരുടെ ഗ്രൂപ്പിലുള്ള സ്ത്രീകളെല്ലാം ഇതിനെ ഒരു അനുഗ്രഹമായി കാണുന്നു. എനിക്ക് വിശ്വാസമില്ലായെങ്കിൽ ഇതിന്റെ link അയച്ചു തരാം മാത്രമല്ല ഇക്കാര്യത്തിൽ എനിക്ക് കൂടുതൽ എന്തെങ്കിലും പറയാനുണ്ടെങ്കിൽ നേരിട്ട് ഒരു ചർച്ചയാ

(ശേഷം മൂന്നാം പേജിൽ)

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

**ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്**

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

വിജയകരമായ പന്ത്രണ്ടാം വർഷത്തിലേക്ക് പ്രവേശിക്കുന്നു

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത | മാധ്യമം |
|---|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം

യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ

പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ

അയാട്ട (IATA) അംഗീകൃതം

*റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.*

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523, Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com

## ലോത്തിന്റെ അധ:പതനം

എം.എസ്.കെ. ന്യുഡൽഹി

**ഒരു** ദൈവഭക്തനുമായുള്ള കൂട്ടായ്മ അനുഗ്രഹിക്കപ്പെട്ട കാര്യമാണ്. സെഖ. 8: എന്നാൽ ഒരു ഭക്തനുമായി വേർപിരിയുന്ന സംഭവമാണ് ഉൽപ്പ. 13:6–9 വരെ കാണുന്നത്.

*അവർ ഒന്നിച്ചു പാർപ്പാൻ തക്കവണ്ണം ദേശത്തിന്നു അവരെ വഹിച്ചു കൂടാഞ്ഞു; സമ്പത്തു വളരെ ഉണ്ടായിരുന്നതുകൊണ്ടു അവർക്കു ഒന്നിച്ചു പാർപ്പാൻ കഴിഞ്ഞില്ല. അബ്രാമിന്റെ കന്നുകാലികളുടെ ഇടയൻമാർക്കും ലോത്തിന്റെ കന്നുകാലികളുടെ ഇടയൻമാർക്കും തമ്മിൽ പിണക്കമുണ്ടായി; കനാന്യരും പെരീസ്യരും അന്നു ദേശത്തു പാർത്തിരുന്നു. അതുകൊണ്ടു അബ്രാം ലോത്തിനോടു: എനിക്കും നിനക്കും എന്റെ ഇടയൻമാർക്കും നിന്റെ ഇടയൻമാർക്കും തമ്മിൽ പിണക്കം ഉണ്ടാകരുതേ; നാം സഹോദരൻമാരല്ലോ. ദേശമെല്ലാം നിന്റെ മുമ്പാകെ ഇല്ലയോ? എന്നെ വിട്ടുപിരിഞ്ഞാലും. നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ടു പൊയ്ക്കൊള്ളാം; നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ടു പൊയ്ക്കൊള്ളാം.*

**കാരണം സമ്പത്ത്** – എന്റേയും നിന്റേയും. കാരണക്കാർ വേലക്കാരും. ഇതുവരെ ചുറ്റുമുള്ള ജാതികളുടെ ഇടയിൽ നല്ലസാക്ഷ്യം ഉള്ളവരായിരുന്നു. ഇപ്പോൾ ദുഷിക്കപ്പെടുകയാണ്. വഴക്കുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നത് നല്ലതാണ്. അഥവാ ഉണ്ടായാൽ എത്രയും വേഗം പരിഹാരം ഉണ്ടാക്കേണം. അബ്രാഹാം എത്രയും വേഗം പരിഹാരമുണ്ടാക്കി. അബ്രഹാം മുൻകൈയ്യെടുക്കുന്നു.

ആദ്യം ദേശം തെരഞ്ഞെടുക്കുവാനുള്ള അവകാശം അബ്രാമിനായിരുന്നെങ്കിലും ലോത്തിന് അവസരം കൊടുത്തു. നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ട്.

ലോത്ത് അബ്രഹാമിനെ വിട്ടുപിരിഞ്ഞുപോയത് ദിവ്യ ആലോചനയോടായിരുന്നില്ല.

തിരഞ്ഞെടുപ്പ് ആത്മീകമായതല്ലായിരുന്നു. ജഡാഭിലാഷം അനുസരിച്ചായിരുന്നു. ലോത്ത് തിരഞ്ഞെടുത്തസ്ഥലം അവന് നഷ്ടമായി. എന്നാൽ ദൈവഹിതപ്രകാരം അബ്രഹാം തെരഞ്ഞെടുത്ത സ്ഥലം അവനും അവന്റെ സന്തതിക്കും ശാശ്വതാവകാശമായി ലഭിച്ചു.

**ലോത്തിന്റെ അധ:പതനത്തിനുള്ള 6 കാരണങ്ങൾ**

1. **ജഡീകമായി ദർശനം.**

ഉൽപ്പ. 13:10. *അപ്പോൾ ലോത്ത് നോക്കി യോർദ്ദാന്നരികെയുള്ള പ്രദേശം ഒക്കെയും നീരോട്ടമുള്ളതെന്നു കണ്ടു; യഹോവ സൊദോമിനെയും ഗൊമോരയെയും നശിപ്പിച്ചതിന്നു മുമ്പെ അതു യഹോവയുടെ തോട്ടംപോലെയും സോവർവരെ മിസ്രയിംദേശം പോലെയും ആയിരുന്നു.*

2. **തെറ്റായുള്ള തെരഞ്ഞെടുപ്പ്.**

ഉൽപ്പ. 13:10 *അപ്പോൾ ലോത്ത് നോക്കി യോർദ്ദാന്നരികെയുള്ള പ്രദേശം ഒക്കെയും നീരോട്ടമുള്ളതെന്നു കണ്ടു; യഹോവ സൊദോമിനെയും ഗൊമോരയെയും നശിപ്പിച്ചതിന്നു മുമ്പെ അതു യഹോവയുടെ തോട്ടംപോലെയും സോവർവരെ മിസ്രയിംദേശം പോലെയും ആയിരുന്നു.*

3. **സോദോമിൽ കൂടാരം അടിച്ചു.**

ഉൽപ്പ. 13:12 *അബ്രാം കനാൻദേശത്തു പാർത്തു; ലോത്ത് ആ പ്രദേശത്തിലെ പട്ടണങ്ങളിൽ പാർത്തു സൊദോംവരെ കൂടാരം നീക്കി അടിച്ചു.*

4. **പട്ടണവാതിൽക്കലെ ഇരിപ്പ്.**

ഉൽപ്പ. 19:1 *ആ രണ്ടു ദൂതൻമാർ വൈകുന്നേരത്തു സൊദോമിൽ എത്തി; ലോത്ത് സൊദോംപട്ടണവാതിൽക്കൽ ഇരിക്കുകയായിരുന്നു, അവരെ കണ്ടിട്ടു ലോത്ത് എഴുന്നേറ്റു എതിരേറ്റു ചെന്നു നിലംവരെ കുനിഞ്ഞു നമസ്ക്കരിച്ചു:.*

5. **വീഞ്ഞുകുടി.**

ഉൽപ്പ. 19:32 *വരിക, അപ്പനാൽ സന്തതി ലഭിക്കേണ്ടതിന്നു അവനെ വീഞ്ഞു കുടിപ്പിച്ചു അവനോടുകൂടെ ശയിക്ക എന്നു പറഞ്ഞു.*

6. **എല്ലാറ്റിലും ഉപരി അബ്രഹാമിനെ വേർപിരിഞ്ഞത് തന്റെ അധ:പതനത്തിന്റെ പ്രധാന കാരണമായി മാറി.**

1 പത്രൊ. 2:7. *അധർമ്മികളുടെ ഇടയിൽ വസിച്ചിരിക്കുമ്പോൾ നാൾതോറും അധർമ്മപ്രവൃത്തി കണ്ടും കേട്ടും തന്റെ നീതിയുള്ള മനസ്സിൽ നൊന്തു അവരുടെ ദുഷ്ക്കാമപ്രവൃത്തിയാൽ വലഞ്ഞുപോയ നീതിമാനായ ലോത്തിനെ വിടുവിക്കയും ചെയ്തു.*

Edited, Printed, Published and Owned by Pastor M. Samuelkutty, Flat No 101, A-Block, 96-E, Ward No-2, Mehrauli, New Delhi-110030